ദേശാഭിമാനി
Mon, 05 May 2025

### ■ കൈപ്പുസ്തകം ജൂണിൽ വിതരണം ചെയ്യും

# ഊർജസംരക്ഷണം കുട്ടികളിലൂടെ

സ്വന്തം ലേഖിക

തിരുവനന്തപുരം

ഊർജസംരക്ഷണം വീടുകളിൽ നിന്ന് തുടങ്ങേണ്ടതിന്റെ ആവശ്യകത കുട്ടികളിലെത്തിക്കാൻ പുസ്തകം ഇറങ്ങുന്നു. ഊർജസംരക്ഷണത്തിന്റെ പുത്തൻ അറിവുകളും ആശയങ്ങളും ഉൾപ്പെടുത്തി എനർജി മാനേജ്മെന്റ് സെന്ററും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും ചേർന്നാണ് ‘ഊർജസ്വലരാകാം ഊർജസംരക്ഷണത്തിനായ് എന്ന പുസ്തകം പുറത്തിറക്കുന്നത്. സ്കൂൾ തുറക്കുമ്പോൾ പത്താം ക്ലാസുവരെയുള്ള എല്ലാ കുട്ടികൾക്കും പുസ്തകമെത്തിക്കാനാണ് ഇഎംസിയുടെ തീരുമാനം.

വൈദ്യുത സംരക്ഷണ മാർഗങ്ങൾ നടപ്പാക്കിയാൽ കുറഞ്ഞത് 20 ശതമാനമെങ്കിലും വൈദ്യുതി ലാഭിക്കാനാകും. വൈദ്യുതി ഉപയോഗത്തിൽ 20 ശതമാനം കുറവുവന്നാൽ വൈദ്യുത ചാർജിൽ വരുന്ന കുറവ് 30 ശതമാനമാണ്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 50 ശതമാനത്തിൽ കൂടുതൽ ഗാർഹിക– വാണിജ്യ മേഖലയിലാണ് ഉപയോഗിക്കുന്നത്. വൈകിട്ട് ആറ് മുതൽ 10 വരെ കൂടുതൽ വൈദ്യുതി ആവശ്യമാണ്. വീടുകളിൽ വൈദ്യുതി കാര്യക്ഷമതയോടെ ഉപയോഗിക്കുന്നതിലൂടെ ഏതാണ്ട് 400 മെഗാവാട്ട് വൈദ്യുതി ലാഭിക്കാനാകും. ഇതിലൂടെ വൈകിട്ട് ആറുമുതൽ രാത്രി 10വരെ അനുഭവപ്പെടുന്ന വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കാം. കുട്ടികളെ ആകർഷിക്കുന്നതിനായി ചിത്രങ്ങളും കാർട്ടൂണുകളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധ്യാപകരുടെയോ മുതിർന്നവരുടെയോ സഹായത്തോടെ കുട്ടികൾക്ക് ചെയ്യാവുന്ന ചില പ്രായോഗിക പഠനരീതികളും പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിദ്യാർഥികളിൽ ഊർജസംരക്ഷണ ശീലം വളർത്തി സമൂഹത്തിൽ ഊർജ പരിസ്ഥിതി സന്ദേശം പ്രചരിപ്പിക്കുകയും ഊർജക്ഷാമത്തിന് പരിഹാരം കാണുകയുമാണ് ലക്ഷ്യം.